**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 583** **28-01-2026-ൽ മറുപടിയ്ക്ക്**

**<u>കുത്തിയതോട് സബ്ട്രഷറി കെട്ടിട നിർമ്മാണം</u>**

| **<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>** |
|---|---|
| ശ്രീമതി. ദെലീമ | ശ്രീ. വി. ഡി. സതീശൻ |
| ശ്രീമതി. ദെലീമ | (മുഖ്യമന്ത്രി) |

**(എ)** അരൂർ മണ്ഡലത്തിലെ കുത്തിയതോട് സബ്ട്രഷറി കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**<u>മറുപടി:</u>** വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കുത്തിയതോട് സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി കുത്തിയതോട് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ കുത്തിയതോട് വില്ലേജിൽ ഉൾപ്പെട്ട സർവ്വേ നം. 300/1-ലുള്ള 2.14 ആർസ് വസ്തു ട്രഷറി വകുപ്പിന് കൈമാറുവാൻ കുത്തിയതോട് ഗ്രാമപഞ്ചായത്ത് തീരുമാനമെടുത്തിട്ടുണ്ട്. തുടർന്ന് പ്രസ്തുത സ്ഥലം ട്രഷറി വകുപ്പിന് കൈമാറുന്നതിന് നിലവിലുള്ള നിബന്ധനകൾക്ക് വിധേയമായി 11/08/2004-ലെ ജി.ഒ (ആർ.റ്റി) നമ്പർ.2851/2004/തസ്വഭവ ഉത്തരവ് പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു.

ടി സ്ഥലം ട്രഷറി വകുപ്പിന് കൈമാറുന്നതിനായി ആലപ്പുഴ ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലാ കളക്ടർക്ക് കുത്തിയതോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിരാക്ഷേപപത്രവും സമർപ്പിച്ചിട്ടുണ്ട്.

ടി വസ്തു ട്രഷറി വകുപ്പിന് കൈമാറി കിട്ടുന്ന മുറയ്ക്ക് ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ വകുപ്പ് സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**